നികുതി പിരിഞ്ഞുകിട്ടിയിട്ടുണ്ട്. വിദേശമദ്യവിൽപ്പനയിൽ ഗണ്യമായ വർദ്ധന ഉണ്ടാകാത്ത സാഹചര്യത്തിൽ നികുതി പിരിവിലും കാര്യമായ വർദ്ധന ഉണ്ടാ യിട്ടില്ല. വസ്തുവിന്റെ യഥാർത്ഥ വില ആധാരത്തിൽ രേഖപ്പെടുത്താതെ രജി സ്റ്റർ ചെയ്യപ്പെടുന്നതിനാൽ രജിസ്ട്രേഷൻ ഇനത്തിലും പിരിവിൽ കുറവുവന്നിട്ടുണ്ട്. മോട്ടോർവാഹന നികുതി സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(എഫ്) 31.10.2000 വരെ വിൽപ്പന നികുതിയിനത്തിൽ 1211.72 കോടി രൂപയും, കാർഷികാദായ നികുതിയിനത്തിൽ 63.94 കോടി രൂപയും, എക്സൈസ് ഇനത്തിൽ 35 കോടി രൂപയും കുടിശ്ശികയുണ്ട്. രജിസ്ട്രേഷൻ ഇനത്തിൽ കുടിശ്ശികയില്ല. മോട്ടോർവാഹന നികുതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പിരിഞ്ഞുകിട്ടാനുള്ള നികുതി

41 (374) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിൽപ്പന നി കുതി, കാർഷികാദായ നികുതി, പ്ലാന്റേഷൻ ടാക്സ് എന്നീ ഓരോ ഇനങ്ങ ളിലും എന്തു തുകവീതം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു;

(ബി) ഇപ്പോൾ ഈ ഓരോ ഇനത്തിലും കുടിശ്ശികയായി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.3.96-ൽ അവസാനിച്ച സാമ്പത്തികവർഷം വിൽപ്പന നികുതിയി നത്തിൽ 433.18 കോടി രൂപയും, കാർഷികാദായ നികുതിയിനത്തിൽ 52.39 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. പ്ലാന്റേഷൻ ടാക്സ് സംബ ന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 31.10.2000 വരെ വിൽപ്പന നികുതിയിനത്തിൽ 1211.72 കോടി രൂപ യും, കാർഷികാദായ നികുതിയിനത്തിൽ 63.94 കോടി രൂപയും പിരിഞ്ഞുകിട്ടാ നുണ്ട്. പ്ലാന്റേഷൻ ടാക്സ് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

സിക്ക് യൂണിറ്റുകൾ

42 (375) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽ നിന്ന് വായ്പ എടുത്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകളെ സിക്ക് യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം സിക്ക് യൂണിറ്റുകളാക്കുന്നതിനായി കെ.എഫ്.സി. നൽകിയ ലോൺ റീഷെഡ്യൂൾ ചെയ്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര യൂണിറ്റുകൾക്ക് ആണ് ഇപ്രകാരം നൽകിയത്;

(ഡി) ലോൺ റീഷെഡ്യൂൾ ചെയ്ത് നൽകുന്നതിന്റെ മാനദണ്ഡം വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly